ശനിയാഴ്ച മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

# കാർഷിക ഉത്പന്നവിപണനത്തിന് കേരളശ്രീ

Mathrubhumi 11.12.17

**സർക്കാർ ഏജൻസികളുടെ ഉത്പന്നങ്ങളെല്ലാം ലഭിക്കും**

**ആദ്യ മാർക്കറ്റ് തൃശ്ശൂർ ചെമ്പുക്കാവിലെ കൃഷികോംപ്ലക്സിൽ**

**തൃശ്ശൂർ** ▸ കാർഷികോത്പന്നങ്ങൾക്കും കാർഷിക ഉപകരണങ്ങൾക്കും വിപണിയൊരുക്കാൻ കൃഷിവകുപ്പ് കേരളശ്രീ അഗ്രോഹൈപ്പർ ബസാറുകൾ സ്ഥാപിക്കുന്നു. ആദ്യബസാറിന്റെ ഉദ്ഘാടനം തൃശ്ശൂരിൽ 16-ന് പത്തുമണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

ഒന്നരവർഷത്തിനുള്ളിൽ കോഴിക്കോട്ടും തിരുവനന്തപുരത്തും ഇത്തരം സംരംഭങ്ങൾ തുടങ്ങുമെന്നും മന്ത്രി വി.എസ്. സുനിൽകുമാർ പത്രസമ്മേളനത്തിൽ പറഞ്ഞു.

കൃഷിക്കാർക്ക് ആവശ്യമുള്ള സാധനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുകയാണ് ലക്ഷ്യം. മിൽമ, മത്സ്യഫെഡ്, കാർഷിക സർവകലാശാല, വനശ്രീ, കുടുംബശ്രീ, ഔഷധി തുടങ്ങിയവയുടെ ഉത്പന്നങ്ങളെല്ലാം ലഭിക്കും.

തമിഴ്നാട്, ഹിമാചൽപ്രദേശ്, കശ്മീർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങളും എത്തിക്കും. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ് നടത്തിപ്പുചുമതല. ചെമ്പുക്കാവിലെ കൃഷി കോംപ്ലക്സിൽ രണ്ടുനിലകളിലായി പതിനായിരം ചതുരശ്രഅടിയിലാണ് മാർക്കറ്റ് പ്രവർത്തിക്കുക.

മന്ത്രിമാരായ സി. രവീന്ദ്രനാഥ്, എ.സി. മൊയ്തീൻ എന്നിവരും ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കും.

പത്രസമ്മേളനത്തിൽ കെയ്കോ എം.ഡി. പി. സുരേഷ്ബാബു, കൗൺസിലർ സതീഷ്ചന്ദ്രൻ എന്നിവർ പങ്കെടുത്തു.